# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -2868 06.11.2019-ലെ മറുപടി**

## ഇരിങ്ങാലക്കുടയിൽ കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| പ്രൊഫ.കെ.യു. അരുണൻ | | കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇരിങ്ങാലക്കുട മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി വഴി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇരിങ്ങാലക്കുട മണ്ഡലത്തിൽ പദ്ധതികൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ല. നിലവിലുണ്ടായിരുന്ന 2 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്.<br><br>1. നബാർഡ്- കാട്ടൂർ, പടിയൂർ, പൂമംഗലം പഞ്ചായത്തുകൾക്കും അനുബന്ധ പഞ്ചായത്തുകൾക്കുമായുള്ള സമഗ്രശുദ്ധ ജലവിതരണ പദ്ധതി.<br><br>2. കാറളം സമഗ്ര ശുദ്ധജലവിതരണപദ്ധതി. |
| ബി) | ഓരോ പ്രവൃത്തിക്കും എത്ര രൂപ വീതം ചെലവഴിച്ചു; വിശദവിവരങ്ങൾ നൽകാമോ; | ബി) | കാട്ടൂർ, പടിയൂർ, പൂമംഗലം ശുദ്ധജലവിതരണ പദ്ധതിയ്ക്കായി 3133.58 ലക്ഷം രൂപയും, കാറളം ശുദ്ധജലവിതരണ പദ്ധതിയ്ക്കായി 957.77 ലക്ഷം രൂപയും ഇതുവരെ ചെലവ് വന്നിട്ടുണ്ട്. |
| സി) | ഭാവിയിൽ ഇരിങ്ങാലക്കുട മണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുടെ പരിഗണനയിലുള്ള പദ്ധതികളുടെ വിവരങ്ങൾ നൽകാമോ? | സി) | ഇരിങ്ങാലക്കുട മണ്ഡലത്തിൽ ഉൾപ്പെടുന്ന മുറിയാട്-വേളൂക്കര ശുദ്ധജലവിതരണ പദ്ധതി യ്ക്കായുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് 2016-ൽ DSR 2014 പ്രകാരം തയ്യാറാക്കിയെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം പരിഗണിച്ചിട്ടില്ല<br>ഉല്പാദന ഘടകങ്ങൾ പൂർത്തീകരിച്ചതും നിർമ്മാണത്തിലിരിക്കുന്നതുമായ പദ്ധതികളുടെ വിതരണ ശൃംഖല സ്ഥാപിക്കുവാനുള്ള 128 പദ്ധതികൾക്കാണ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിരിക്കുന്ന 5 വർഷത്തേക്കുള്ള ഇൻവെസ്റ്റ്മെന്റ് പ്ലാനിൽ പ്രാമുഖ്യം നൽകിയിരിക്കുന്നത്. ഈ പദ്ധതികൾ പൂർത്തീകരിച്ചതിനുശേഷമേ പുതിയ പദ്ധതികൾ ധനലഭ്യതക്കനുസരിച്ച് ഏറ്റെടുക്കുവാൻ കഴിയുകയുള്ളൂ. |

Renuka Sankar
സെക്ഷൻ ഓഫീസർ